**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 18** **22-02-2022 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ ഡി.പി.ആർ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. അൻവർ സാദത്ത് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ. ഏത് കമ്പനിയാണ് തയ്യാറാക്കിയതെന്ന് വിശദമാക്കാമോ; | (എ) | സിസ്ട്ര പാരീസ് എന്ന ഫ്രെഞ്ച് കമ്പനിയാണ് ഡി.പി.ആർ. തയ്യാറാക്കിയത്. |
| (ബി) | പ്രസ്തുത കമ്പനിക്ക് കരാർ നൽകിയത് ഗ്ലോബൽ ടെൻഡറിലൂടെയാണോയെന്നും നാളിതുവരെ കമ്പനിക്ക് എത്ര കോടി രൂപ നൽകിയെന്നും വിശദമാക്കാമോ; | (ബി) | ഓപ്പൺ ടെൻഡറിംഗിലൂടെ അർഹരാവുകയും അതുവഴി തിരഞ്ഞെടുക്കപ്പെടുകയുമാണ് ചെയ്തത്. കമ്പനിക്ക് നാളിതുവരെ Rs. 22,27,93,060.80/- (ഇരുപത്തി രണ്ട് കോടി ഇരുപത്തി ഏഴ് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി അറുപത് രൂപ എൺപതു പൈസ മാത്രം) നൽകിയിട്ടുണ്ട്. |
| (സി) | കേന്ദ്ര സർക്കാരിന് സമർപ്പിച്ച സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ. പൂർണ്ണമല്ല എന്ന കേന്ദ്ര മന്ത്രിയുടെ പ്രസ്താവനയും ഇത് സംബന്ധിച്ച് ലോക് സഭയിൽ ഉന്നയിച്ച ചോദ്യത്തിന് നൽകിയ ഉത്തരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിരുന്നു. 2021 ഡിസംബർ 6- ന ചീഫ് സെക്രട്ടറി, ഗതാഗത സെക്രട്ടറി, കെ-റെയിൽ അധികൃതർ എന്നിവർ റെയിൽവേ ബോർഡ് ചെയർമാനും മറ്റ ബോർഡംഗങ്ങളുമായി സിൽവർലൈൻ ഡി.പി.ആർ നെക്കുറിച്ച് വിശദമായ ഒരു മീറ്റിംഗ് നടത്തുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ ഡി.പി.ആർ വിശദമായി അവലോകനം ചെയ്യുകയും വിവരങ്ങൾ ആരായുകയും ചെയ്തു. തിരൂർ മുതൽ കാസർകോട് വരെ നിലവിലെ റെയിൽവേ ലൈനിനു സമാന്തരമായിട്ടാണ് സിൽവർലൈൻ പ്രൊപ്പോസ് ചെയ്തിരിക്കുന്നത്. ഈ സ്ഥലങ്ങളിൽ എത്ര റെയിൽവേ ഭൂമി ആവശ്യമായിവരുന്നുണ്ട്, അതിന്റെ എക്സ്റ്റൻഡ്, ഡ്രോയിംഗ്സ്, ബൗണ്ടറി മാർക്കിംഗ്സ്, തുടങ്ങിയവയും, എവിടെയെല്ലാം സിൽവർലൈൻ അലൈൻ മെന്റ് ക്രോസ്ചെയ്യുന്നു തുടങ്ങിയ വിവരങ്ങൾ സമർപ്പിക്കുന്നതിന് ആവശ്യ പ്പെട്ടിരുന്നു. ഇതുമായി ബന്ധപ്പെട്ടുള്ള കത്തിടപാടുകൾ നടന്നുവരികയാണ്. ഇതുസംബന്ധിച്ചുള്ള വർക്കിംഗ് ഷീറ്റ്, കഡാസ്ട്രൽ മാപ്പ് എന്നിവ ലഭ്യമാണ്. എന്നാൽ പ്രസ്തുത വിവരങ്ങൾ ഇന്ത്യൻ റെയിൽവേ അധികൃതരുമായി ഒരു ജോയിന്റ് വെരിഫിക്കേഷൻ നടത്തി റീസബ്മിറ്റ് ചെയ്യുവാനാണ് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നത്. |

| | | | |
|---|---|---|---|
| | | | ഇത്തരം വിവരങ്ങൾ ഡി.പി.ആർ - ന്റെ ഭാഗമല്ല. ഇത് പദ്ധതിയുടെ നിർമ്മാണഘട്ടങ്ങളിൽ തയ്യാറാക്കേണ്ട ഡിസൈൻ റിപ്പോർട്ടിലാണ് വ്യക്തമായി ഉൾപ്പെടുത്തുക. |
| (ഡി) | അപൂർണ്ണമായ ഡി.പി.ആർ. തയ്യാറാക്കിയ കമ്പനിക്കെതിരെ നടപടി സ്വീകരിക്കാൻ ഇത് സംബന്ധിച്ച കരാറിൽ വ്യവസ്ഥകളുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഡി) | നിലവിൽ ഡി.പി.ആർ റെയിൽവേ ബോർഡിന്റെ പരിഗണനയിലാണ്. കമ്പനി, കരാർ മാനദണ്ഡങ്ങൾ ലംഘിക്കുന്ന പക്ഷം വേണ്ട നടപടി സ്വീകരിക്കുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഇ) | ഡി.പി.ആർ. ലെ അലൈൻമെന്റ് ഡ്രോയിങ്ങിൽ 115 കി.മീ. ദൂരം വരെയുള്ള ട്രാക്കിന്റെ വിവരങ്ങൾ മാത്രമാണോ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഇ) | അല്ല. 530 കിലോമീറ്റർ വരെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ